



.facebook.com/palakkadpolice
www.twitter.com/DpcPalakkad


# ഗൾഫിലെ ബിസിനസ്സ് വൈരാഗ്യം, യുവാവിൻെറ കാൽ തല്ലിയൊടിച്ചു ; നാലംഗ ക്വട്ടേഷൻ സംഘം അറസ്റ്റിൽ.

കുത്തനൂർ, കളപ്പാറ സ്വദേശിയും ദുബായിൽ വർക് ഷോപ് ഉടമയുമായ ശശി , വ ഃ 40 നെ ഈ മാസം 4ന് രാത്രി കളപ്പാറയിലുള്ള കല്യാണമണ്ഡപത്തിൽ നിന്നും പുറത്തേക്ക് വിളിച്ചിറക്കി ഇരുമ്പുവടി കൊണ്ട് കാൽ അടിച്ചൊടിച്ച സംഭവത്തിൽ ക്വട്ടേഷൻ സംഘത്തിൽപ്പെട്ട നാലു പേരെ കുഴൽമന്ദം പോലീസ് അറസ്റ്റു ചെയ്തു.

കൊല്ലം, നിലമേൽ സ്വദേശിയും കോഴിക്കോട് ,നല്ലളം, അരീക്കാടിൽ താമസിച്ചു വരുന്നതുമായ നിസാമുദ്ദീൻ എന്ന ചിണ്ടു വ ഃ39, കോഴിക്കോട്, വെള്ളയിൽ സ്വദേശി നൗഫൽ എന്ന ദാദാ നൗഫൽ വ ഃ 39, നല്ലളം, മങ്കുണിപ്പാടം, ചെറുവീട്ടിൽ ഹരീഷ് വ ഃ 31, കോഴിക്കോട്, വെള്ളയിൽ സ്വദേശി റഹീസ് വ ഃ 36 എന്നിവരാണ് അറസ്റ്റിലായത്. നിരവധി CCTV ദൃശ്യങ്ങൾ പരിശോധിച്ചതിൽ പ്രതികൾ സഞ്ചരിച്ചതായി കരുതുന്ന കാറുകളുടെ ദൃശ്യങ്ങളും പോലീസിന് ലഭിച്ചിരുന്നു, സൈബർ സെല്ലിന്റെ സഹായത്തോടെ യാണ് പ്രതികളെ കോഴിക്കോട് ജില്ലയിലെ വിവിധയിടങ്ങളിൽ നിന്നും കസ്റ്റഡിയിലെടുത്തത്.



പാലക്കാട് ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റ IPS ൻെറ നിർദ്ദേശത്തെത്തുടർന്ന്, ആലത്തൂർ DySP. V.A കൃഷ്ണദാസിന്റെ മേൽനോട്ടത്തിൽ,

കുഴൽമന്ദം **ഇൻസ്പെക്ടർ** A. M. സിദ്ദീഖ്, S.I. A. അനൂപ്, അഡീഷണൽ S.I. ബിനു റൈനി, SCPO. R. ജയപ്രകാശ്, CPO. നിഷാന്ത് , ജില്ലാ ക്രൈം സ്ക്വാഡ് അംഗങ്ങളായ S.I. S.ജലീൽ, C.S. സാജിദ്, K. അഹമ്മദ് കബീർ, R. രാജീദ്, S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കേസ്സന്വേഷിച്ചത്.

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT